"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എൽ.എ.സി - എ.ഡി.എസ് - കണ്ണൂർ ജില്ല - കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ജി.എം.യു.പി.എസ് ഏഴോം, ജി.എൽ.പി.എസ് പാണപ്പുഴ , ജി.എച്ച്.എസ്.എസ് കല്യാശ്ശേരി എന്നീ സ്കൂളുകൾക്ക് വാഹനങ്ങൾ (3 ബസുകൾ) വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.2806/2025/GEDN തീയതി,തിരുവനന്തപുരം, 23-04-2025

പരാമർശം:-

1. 09.12.2016 - ലെ സ.ഉ (പി) നമ്പർ. 178/16/ധന
2. 05.03.2019 - ലെ സ.ഉ (സാധാ) നമ്പർ. 1648/19/ധന
3. കണ്ണൂർ ജില്ലാ കളക്ടറുടെ 12.02.2025 - ലെ LSGD/JD/KNR/3671/2023 - F2 നമ്പർ നടപടിക്രമം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.03.2025 - ലെ ബി2/5586/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കല്യാശ്ശേരി നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2022-23) നിന്നും ജി.എം.യു.പി.എസ് ഏഴോം, ജി.എൽ.പി.എസ് പാണപ്പുഴ , ജി.എച്ച്.എസ്.എസ് കല്യാശ്ശേരി എന്നീ സ്കൂളുകൾക്ക് ' 4202-01-800-84- Projects under LAC-ADS other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും 66,00,000/- (അറുപത്തി ആറ് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിച്ച് വാഹനങ്ങൾ (3 ബസുകൾ) വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (4)പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ **ജി.എം.യു.പി.എസ് ഏഴോം, ജി.എൽ.പി.എസ് പാണപ്പുഴ , ജി.എച്ച്.എസ്.എസ് കല്യാശ്ശേരി** എന്നീ സ്കൂളുകൾക്ക് വാഹനങ്ങൾ (3 ബസുകൾ) വാങ്ങുന്നതിനായി **66,00,000/- (അറുപത്തി ആറ്**

ലക്ഷം രൂപ മാത്രം) രൂപ നടപ്പുസാമ്പത്തികവർഷം ' 4202-01-800-84- Projects under LAC-ADS other Projects (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കണ്ണൂർ
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
6. ധനകാര്യ വകുപ്പ് (07.04.2025 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. 3108916/NC-C3/33/2025 - FIN പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
Date: 23-04-2025 15:09:26
സെക്ഷൻ ഓഫീസർ